# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂൺ 26-ാം തീയതി ബുധനാഴ്ച
(ആകെ ചോദ്യങ്ങൾ - 29)


**198) നെല്ല് സംഭരണം**
**199) കേര കൃഷിക്കാരെ സഹായിക്കുവാൻ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ**
**200) കർഷക പെൻഷനും ഗ്രൂപ്പ് ഇൻഷ്വറൻസും**
**201) കേന്ദ്ര സർക്കാർ നൽകുന്ന മണ്ണെണ്ണയുടെ വിഹിതം**
**202) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്**
**203) നെൽകൃഷി**
**204) നോൺടാക്സ് റവന്യൂ സെല്ലിന്റെ പ്രവർത്തനങ്ങൾ**
**205) സെയിൽടാക്സ് ചെക്ക്പോസ്റ്റുകൾ സ്വകാര്യവൽക്കരിക്കുവാൻ നടപടി**
**206) മണ്ണു സംരക്ഷണത്തിനുള്ള പദ്ധതികൾ**
**207) ബഡ്ജറ്റ് നടപടിക്രമങ്ങളിൽ ഉദ്ദേശിക്കുന്ന മാറ്റം**
**208) പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന വില്പന നികുതി**
**209) ക്ഷീരകർഷകർക്കുവേണ്ടി പെൻഷൻ സ്കീമും ക്ഷേമനിധിയും ആരംഭിക്കാൻ നടപടി**
**210) കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിന് പദ്ധതി**
**211) എക്സൈസ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി**
**212) അബ്കാരി നയത്തിൽ മാറ്റം വരുത്താനുള്ള കാരണം**
**213) മദ്യഷാപ്പുകൾ നടത്തുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരം**
**214) വനം സംബന്ധമായ കേസ്സുകൾ നടത്തുന്നതിന് വിദഗ്ധ സമിതി**
**215) സഞ്ചിത നിധിയിൽനിന്നുള്ള തുക പിൻവലിച്ച് ട്രഷറി പബ്ലിക്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് തടയാൻ നടപടി**
**216) കേരള ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാം**
**217) കണ്ടൽ കാടുകളുടെ സംരക്ഷണത്തിനുള്ള നടപടി**
**218) കാർഷിക കയറ്റുമതി മേഖലകൾ അനുവദിക്കുന്നതുകൊണ്ടുള്ള പ്രയോജനം**
**219) സാമൂഹ്യസുരക്ഷാ ഫണ്ടിന് രൂപം നൽകാൻ നടപടി**
**220) സ്പോർട്സ് രംഗത്ത് കേരളത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ നടപടി**
**221) ഗാലസാ കൃഷി സമ്പ്രദായം**
**222) സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മണ്ണെണ്ണ വിഹിതം**
**223) ഗ്രാമപ്രദേശങ്ങളിൽ കായിക വികസനം ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചുവരുന്ന പരിശീലന പരിപാടികൾ**
**224) ചിട്ടി ഭേദഗതി നിയമം പിൻവലിക്കുവാൻ നടപടി**
**225) എ.ഡി.ബി. സഹായ വാഗ്ദാനത്തെ തുടർന്ന് മുന്നോട്ടുവന്ന ഏജൻസികൾ**
**226) ദീർഘകാല മദ്യനയം ആവിഷ്ക്കരിക്കാൻ നടപടി**


### നെല്ല് സംഭരണം

198. ശ്രീ. ജോസഫ് എം. പുതശ്ശേരി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നെല്ല് സംഭരണം നെൽക്കർഷകർക്ക് എത്ര മാത്രം പ്രയോജനകരമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സീസണിൽ സംസ്ഥാനത്തിന്റെ ഓരോ ജില്ലയിൽ നിന്നും എത്ര വീതം നെല്ല് സംഭരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണ സംഘങ്ങൾക്ക് നൽകുന്ന ഹാൻഡിലിംഗ് ചാർജും, കർഷകർക്കു നൽകുന്ന സബ്സിഡിയും വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അടുത്ത കൊയ്ത്തുകാലത്ത് കൂടുതൽ നെല്ല് സംഭരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കൊയ്തത്തുകാലത്ത് നെല്ലിന്റെ വില ക്രമാതീതമായി കുറയുന്നത് തടയുന്നതിനും കർഷകർക്ക് നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിനും പൊതു വിപണിയിൽ അരിയുടെ വില നിയന്ത്രിക്കുന്നതിനുമായാണ് ആലപ്പുഴ, പാലക്കാട്, തൃശൂർ, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽ നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ സാംപത്തിക വർഷം (2001–2002) 303 ലക്ഷം രൂപ ഇതിനായി ചെലവാക്കിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ പാക്കേജ് സ്കീമിൽ നിന്നും 350 ലക്ഷം രൂപയും ഈ സ്കീമിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

(ബി) നെല്ല് സംഭരണപദ്ധതിയിൽ 2001–2002 വർഷങ്ങളിൽ പത്തനംതിട്ട, ആലപ്പുഴ, തൃശൂർ, കോട്ടയം പാലക്കാട് എന്നീ ജില്ലകൾ വഴി മൊത്തം 6,19,839 ക്വിന്റൽ നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

1. പത്തനംതിട്ട – 12100 ക്വിന്റൽ
2. ആലപ്പുഴ – 201292 ക്വിന്റൽ
3. തൃശൂർ – 84473 ക്വിന്റൽ
4. കോട്ടയം – 279823 ക്വിന്റൽ
5. പാലക്കാട് – 42151 ക്വിന്റൽ

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) സർക്കാരിന്റെ സാംപത്തിക സ്ഥിതി കൂടുതൽ നെല്ല് സംഭരിക്കേണ്ടതിന്റെ ആവശ്യകത എന്നിവ കണക്കിലെടുത്ത് ഈ കാര്യം പരിശോധിക്കുന്നതാണ്.

## കേര കൃഷിക്കാരെ സഹായിക്കുവാൻ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ

199. ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നാളികേര കൃഷിക്കാരെ സഹായിക്കുവാൻ ആവിഷ്ക്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) നാളികേര വിലയിടിവിന് കാരണങ്ങളിൽ ഒന്നായി കരുതപ്പെടുന്ന പാമോയിൽ ഇറക്കുമതി അവസാനിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റിന് എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന് ലഭിച്ചിട്ടുള്ള മറുപടി വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) നിലവിലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ സർക്കാർ പ്രഖ്യാപിച്ച സ്പെഷ്യൽ പാക്കേജിൽ നാളികേരത്തിനു താങ്ങുവില നൽകി സംഭരണം നടത്തുന്ന പദ്ധതിയുടെ പ്രയോജനം കർഷകർക്ക് നേരിട്ടു ലഭ്യമാക്കുന്നതിനു അവരെ സഹായിക്കുവാൻ, തെരഞ്ഞെടുക്കപ്പെടുന്ന സർവ്വീസ് സഹകരണബാങ്കുകളുടെ ആഭിമുഖ്യത്തിൽ 200 കൊപ്ര ഡ്രയറുകൾ സ്ഥാപിക്കുന്നതിനു സംഘങ്ങൾക്കു 5 ലക്ഷം രൂപവരെ നൽകുന്നതിനു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി 11 കോടി രൂപ അനുവദിച്ചു. കൂടാതെ നാളികേര ടെക്നോളജി മിഷന്റെ 260 കോടിരുപയുടെ പദ്ധതികൾ നടപ്പാക്കുവാനുള്ള അനുവാദം കേന്ദ്ര ഗവൺമെന്റിൽ നിന്നും നേടുകയും ആ തുകയ്ക്കുള്ള പദ്ധതികൾ വിവിധ ഏജൻസികൾ വഴി കേന്ദ്രത്തിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമേ 'മൈറ്റ്' രോഗപ്രതിരോധത്തിനു 20 ലക്ഷം രൂപ ചിലവിൽ കൃഷിവകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് അഞ്ചിടങ്ങളിൽ പരീക്ഷണം നടത്തി തെങ്ങിനു നടത്തേണ്ട ശുശ്രൂഷകളെ സംബന്ധിച്ചു ഒരു പാക്കേജ് ഓഫ് പ്രാക്ടീസ് സമർപ്പിച്ചു. കഴിഞ്ഞകാലം ചെറുകിട കർഷകർക്ക് പംപു വാങ്ങുവാനും കിണർ കുഴിക്കുവാനും 3500 രൂപ വീതം ധനസഹായം അനുവദിച്ചു. ഇതിനായി 35 ലക്ഷം രൂപ ചിലവായിട്ടുണ്ട്. കേരകൃഷിക്ക് രാസവളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിനു തെങ്ങൊന്നിനു മനികിറ്റ് നൽകിയ വകയിൽ തെങ്ങൊന്നിന് ചെലവായ 13 രൂപയൽ 10 രൂപ സബ്സിഡി അനുവദിച്ചു. രോഗലക്ഷണം കാണുന്ന തെങ്ങുകൾ തുടക്കത്തിൽ തന്നെ മുറിച്ചുമാറ്റുന്നതിനു തെങ്ങൊന്നിനു 500 രൂപ നിരക്കിൽ ധനസായം നൽകുന്നു. ഈ വകയിൽ 10 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേരോൽന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധനവിനും

സഹായകമാകുന്നതിനായി ഒരു ആർ ആന്റ് ഡി സെന്റർ കേരളത്തിൽ സ്ഥാപിക്കമെന്നു കേന്ദ്രത്തോടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വെളിച്ചെണ്ണയുടെ ഏറ്റവും വലിയ പ്രതിയോഗിയായ പാമോലിൻ കുറഞ്ഞ താലിഫ് നിരക്കിൽ ഇറക്കുമതി ചെയ്യപ്പെടുന്നു പമോയിലിനു ഏർപ്പെടുത്തിയിട്ടുള്ള ഡബ്ല്യു.റ്റി.ഒ. നിർബന്ധിത ഇറക്കുമതി താരിഫ് 300% മായിരിക്കെ കേന്ദ്ര സർക്കാർ ഇപ്പോൾ ചുമത്തിവരുന്നത് 65% മാത്രമാണ്. ഈ താരിഫ് നിരക്ക് കുറഞ്ഞത് 150% ആയി ഉയർത്തണമെന്നും പാമോയിലിന്റെ ഇറക്കുമതി നിയന്ത്രിക്കുന്നതിനു അതിനെ ഇറക്കുമതിക്കുള്ള കാനലൈസഡ് പട്ടികയിൽ ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച ചർച്ചകളിൽ അനുകൂലസമീപനം ഉണ്ടായിട്ടുണ്ടെങ്കിലും രേഖാമൂലമുള്ള മറുപടി ലഭിച്ചിട്ടില്ല.

## കർഷക പെൻഷനും ഗ്രൂപ്പ് ഇൻഷ്വറൻസും

200. ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. എം. മുരളി :

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് പെൻഷനോ ഗ്രൂപ്പ് ഇൻഷ്വറൻസോ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി ആരംഭിക്കുമോ ;

(സി) ഇതിനുവേണ്ടി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിനുവേണ്ടിയുള്ള സ്കീം കേന്ദ്രത്തിലേക്കയച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) പെൻഷനും ഗ്രൂപ്പ് ഇൻഷ്വറൻസും സംസ്ഥാനത്തെ കർഷകർക്ക് ഇപ്പോൾ നിലവിലില്ല. എന്നാൽ 1993-94-ൽ ആരംഭിച്ച ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാനപദ്ധതി പ്രകാരം അംഗങ്ങളായവർക്ക് 60 വയസ് പൂർത്തിയാകുമ്പോൾ 1000 രൂപ പ്രതിമാസ പെൻഷൻ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. കൂടാതെ പദ്ധതിയിലെ അംഗങ്ങൾക്ക് ശാരീരികമോ മാനസികമോ ആയ അവശത സംഭവിക്കുമ്പോൾ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 200 രപ മുതൽ 750 രൂപ വരെ പ്രതിമസം അവശതാ പെൻഷൻ നൽകാനും പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

(ബി) ആന്റ് (സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വയോജനങ്ങൾക്ക് ചികിസയ്ക്കായി ധനസഹയം നൽകുന്നതിന് ഒരു പ്രത്യേക ദുരിതാശ്വാസനിധി രൂപികരിച്ച് കേന്ദ്രസർക്കാരിന്റെ കൂടി പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനുള്ള നടപടി സാമൂഹ്യക്ഷേമവകുപ്പ് സ്വീകരിച്ചുവരുന്നു. ഈ പദ്ധതി നടപ്പാകുപോൾ അതിന്റെ പ്രയോജനം പാവപ്പെട്ട കർഷകർക്കും ലഭിക്കുന്നതാണ്.

## കേന്ദ്ര സർക്കാർ നൽകുന്ന മണ്ണെണ്ണയുടെ വിഹിതം

201. ശ്രീ. വി. കെ. ചന്ദ്രൻ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നൽകുന്ന മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ടോ.;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കേരളത്തിനർഹതപ്പെട്ട മണ്ണെണ്ണ വിഹിതം എത്രയാണ്;

(ഡി) ഇപ്പോൾ ലഭിക്കുന്നതെത്ര ;

(ഇ) മണ്ണെണ്ണ വിഹിതം വെട്ടികുറച്ചതു പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഏപ്രിൽ 2001-ൽ 33,714 കിലോ ലിറ്ററിൽ നിന്നും 28,859 കിലോ ലിറ്ററായും അത് വീണ്ടും ഏപ്രിൽ 2002-ൽ കിലോ ലിറ്ററായും പ്രതിമാസം മണ്ണെണ്ണയുടെ കേന്ദ്ര വിഹിതം വെട്ടിക്കുറച്ചിട്ടുണ്ട്.

(സി) പ്രതിമാസം 40000 കിലോ ലിറ്റർ

(ഡി) പ്രതിമാസം 25353 കിലോ ലിറ്റർ

(ഇ) യും (എഫ്)യും സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടികുറച്ചത് പുനഃസ്ഥാപിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. അവസാനമായി 1-6-02-ൽ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി കേന്ദ്ര പെട്രോളിയം വകുപ്പ് മന്ത്രിക്ക് ഇക്കാര്യത്തിൽ വീണ്ടും ഒരു കത്ത് അയക്കുകയുണ്ടായി. പ്രസ്തുത കത്തിനുള്ള മറുപടി ലഭിച്ചില്ല.

## എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്

202. ശ്രീ. പി. സി. ജേർജ് :

ഡോ. തോമസ് ഐസക് :

ശ്രീ. ടി. കെ. ദേവകുമാർ :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി നിയമിച്ച പ്രൊഫ. എം. എസ്. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത കമ്മീഷനെ നിയമിച്ചതെന്നാണ്;

(ഡി) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതിനയം മൂലം സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വില തകർച്ച ഉണ്ടായതായി കമ്മീഷൻ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 31-7-2001-ൽ

(ഡി) (എ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## നെൽകൃഷി

203. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമല്ലാതായതുമൂലം നെൽകൃഷി ഉപേക്ഷിക്കുന്നതിനും നിലം നികത്തി മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നതിനും കൃഷിക്കാർ നിർബന്ധിതരാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നെൽകൃഷിക്കാരെ അതിൽ നിലനിറുത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) നിലം നികത്തി മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെൽകൃഷിയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന പദ്ധതിയിൽ കീഴിൽ 14.65 കോടി രൂപയും കേന്ദ്ര പദ്ധതിയിൽ കീഴിൽ 7.52 കോടി രൂപയും അടങ്കൽ തുകയുടെ പദ്ധതികൾ നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടുള്ളത്.

നെൽകൃഷിക്കാരെ സഹായിക്കുന്നതിനായി നടപ്പാക്കിവരുന്ന ഉൽപാദന ബോണസ് പദ്ധതി, പംപിംഗ് സബ്സിഡി, സൗജന്യ വൈദ്യുതി തുടങ്ങിയവയ്ക്കു പുറമെയാണിത്.

## നോൺടാക്സ് റവന്യു സെല്ലിന്റെ പ്രവർത്തനങ്ങൾ

204. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഭാഗമായുള്ള നോൺ ടാക്സ് റവന്യു സെല്ലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ഈ സെൽ ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ എന്തൊക്കെയാണെന്നും അവ ഓരോന്നിന്റെയും വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ഡി) ഈ ശുപാർശകൾ ഏതൊക്കെ സ്വീകരിച്ചുവെന്നും ഏതൊക്കെ ഇതിനകം നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ;

(ഇ) ശുപാർശകളുടെ അടിസ്ഥാനത്തിൽ ഇറക്കിയിട്ടുള്ള ഉത്തരവുകൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 1-8-1997 ലെ സ.ഉ.(പി) 668/97/ധന നംപരായുള്ള സർക്കാർ ഉത്തരവു പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ധനകാര്യവകുപ്പിൽ ഒരു നോൺ-ടാക്സ് റവന്യു സെൽ രൂപീകരിക്കുകയുണ്ടായി. സമിതി സമർപ്പിച്ചിട്ടുള്ള ശുപാർശകളുടെ വെളിച്ചത്തിൽ വിവിധ വകുപ്പുകളിൽ സർക്കാരിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിയ്ക്കാനാവശ്യമായ നടപടികളാണ് ഈ സെൽ കൈക്കൊണ്ടിട്ടിട്ടുള്ളത്.

(ബി) വിദഗ്ധ സമിതിയുടെ ശുപാർശകളടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് എല്ലാ വകുപ്പ് തലവൻമാർക്കും അയച്ചു കൊടുക്കുകയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവ പരിശോധിച്ച് വിവിധ ഫീസ് /ചാർജ്ജ് ഇനങ്ങളിൽ ആവശ്യമായ വർദ്ധനവ് വരുത്താനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായ വിവിധ വകുപ്പുകൾ നൽകി നിർദ്ദേശങ്ങളിൽമേൽ ഈ സെൽ അതിന്റെ അഭിപ്രായം യഥാസമയം നൽകുകയും അതനുസരിച്ച് ആവശ്യമായ നടപടികൾ അതാതു വകുപ്പുകൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ സെല്ലിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത് പൊതു വിദ്യാഭ്യാസം, ഭക്ഷ്യവും പൊതുവിതരണവും, ആർക്കിയോളജി, ഫിഷറീസ്, തുറമുഖം, ടൂറിസം, വ്യവസായം, സഹകരണം, വനം, വന്യ ജീവി വകുപ്പ്, ആഭ്യന്തരം, ആരോഗ കുടുംബക്ഷേമം തുടങ്ങിയ വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിയ്ക്കാനാവശ്യമായ ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുകൾ ഇതിനകം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു മേഖലകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിയ്ക്കാനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊണ്ടു വരുന്നു.

(ഇ) ഇരുപത്തി-നാലോളം വകുപ്പുകളുടെ നികുതിയേതര വരുമാനം വർദ്ധിപ്പിച്ചു കൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് തന്നെ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസം, ആർക്കിയോളജി, ഫിഷറീസ്, തുറമുഖം, ടൂറിസം, വ്യവസായം, സഹകരണം, ഉന്നതവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെ നികുതിയേതര വരുമാനം വർദ്ധിപ്പിയ്ക്കാനാവശ്യമായ ഉത്തരവുകൾ അതാതു വകുപ്പുകൾ ധനകാര്യ നോൺ-ടാക്സ് റവന്യു സെല്ലിന്റെ അഭിപ്രായം കൂടി കണക്കിലെടുത്ത്, ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്.

## സെയിൽടാക്സ് ചെക്ക്പോസ്റ്റുകൾ സ്വകാര്യവൽക്കരിക്കുവാൻ നടപടി

205. ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സെയിൽടാക്സ് ചെക്ക്പോസ്റ്റുകൾ സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് അതിർത്തികളിൽ എത്ര സെയിൽടാക്സ് ചെക്ക്പോസ്റ്റുകൾ ഉണ്ട്;

(ഡി) ഇവയിൽ നിന്നുള്ള പ്രതിദിന കളക്ഷൻ എത്രയാണ്;

(ഇ) ചെക്ക്പോസ്റ്റുകളിൽ നിന്നുള്ള വരവ് വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറയുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) (ബി) ഇല്ല.

(സി) 51

(ഡി) ശരാശരി 9.20 ലക്ഷം രൂപ

(ഇ) ചെക്ക് പോസ്റ്റുകളിൽ കൂടുതൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തി വരവ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

## മണ്ണു സംരക്ഷണത്തിനുള്ള പദ്ധതികൾ

206. ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണുസംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്;

(ബി) സംസ്ഥാനത്തെ മണ്ണു പരിശോധനാ കേന്ദ്രങ്ങൾ പഞ്ചായത്തുകൾ തോറും എത്തി മണ്ണു ശേഖരിച്ച് പരിശോധന നടത്തി ഓരോ വിളയ്ക്കും അനുയോജ്യമായ വളം നിർദ്ദേശിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) മണ്ണു സംരക്ഷത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തമോ;

(ഡി) വിദേശ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാന പദ്ധതിയിൻ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ

1. നിർമറി പ്രദേശത്തിന്റെ അടിസ്ഥാനത്തിൽ മണ്ണു ജല സംരക്ഷണം (നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ്. സഹായത്തോടെ)
2. ഉരുൾപൊട്ടലും മണ്ണിടിച്ചിലുമുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ സ്റ്റെബിലൈസേഷൻ ഓഫ് ലാന്റ് സ്ളൈസ് ഏരിയാസ്)
3. ജലവിതരണപദ്ധതികളുടെ റിസർവോയറുകളുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ സംരക്ഷണം

II. ദേശീയ നിർമറി വികസന പദ്ധതി

1. കമ്പനി പ്രോജക്ടിലെ ജലസംഭരണപ്രദേശങ്ങളിലെ മണ്ണുസംരക്ഷണം
2. ദേശീയ നിർമറി വികസന പദ്ധതി

(ബി) ഈ സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

(സി) കേന്ദ്രസഹായത്തോടെ രണ്ടു മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. കമ്പനി നദീതട പദ്ധതി
2. ദേശീയ നിർമറി വികസന പദ്ധതി

(ഡി) ഇല്ല.

## ബഡ്ജറ്റ് നടപടിക്രമങ്ങളിൽ ഉദ്ദേശിക്കുന്ന മാറ്റം

207. ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും സദയം മറുപടി നൽകുമോ:

(എ) ധനകാര്യ മാനേജ്മെന്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ബഡ്ജറ്റ് നടപടിക്രമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി നിലവിലുള്ള ബഡ്ജറ്റ് നടപടി ക്രമങ്ങളിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ല.

## പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന വില്പന നികുതി

208. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. മോഹൻകുമാർ:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. എ.കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പ്രതിവർഷം പെട്രോളിയം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന വില്പന നികുതി എത്രയാണ്;

(ബി)പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള വില്പന നികുതി നിരക്കെത്രയാണ്;

(സി) പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ വിലയുടെ നികുതി വേണ്ടെന്നു വയ്ക്കുമോ;

(ഡി) ഇതിനു മുൻപ് ഇപ്രകാരം വർദ്ധിപ്പിച്ച നികുതി വേണ്ടെന്നു വച്ച സന്ദർഭം ഉണ്ടായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) 2001-2002 സാംപത്തിക വർഷം പെട്രോളിയം ഉൽപന്നങ്ങളിൽ നിന്നും 1261.97 കോടി രൂപ വില്പന നികുതിയിനത്തിൽ ലഭിച്ചു.

(ബി) പെട്രോളിയം ഉൽപ്പന്നങ്ങളിൻമേൽ ഓരോന്നിനും നിലവിലുള്ള വില്പന നികുതി നിരക്ക് താഴെ കൊടുക്കുന്നു.

| | **ഇനം** | **നിരക്ക്** |
|---|---|---|
| 1. | ഹൈസ്പീഡ് ഡീസൽ | 24% |
| 2. | മണ്ണെണ്ണ | 12% |
| 3. | പെട്രോൾ, വ്യോമ ഉപയോഗത്തിനുള്ള ഇന്ധനം ഹൈസ്പീഡ് ഡീസൽ ഓയിൽ ഇവ ഒഴികെ ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെടെയുള്ള മോട്ടോർ സ്പിരിറ്റ് | 41% |
| 4. | നാഫ്ത | 22% |
| 5. | നാഫ്ത ഒഴികെയുള്ള പെട്രോൾ | 28% |
| 6. | വില്പന നികുതി ചട്ടത്തിലെ ഒന്നും രണ്ടും അഞ്ചും പട്ടികകളിലെ മറ്റോ ഉൾപ്പെടുത്തിയിട്ടില്ലാത്ത മറ്റു പെട്രോളിയം ഉൽപ്പന്നങ്ങൾ | 30% |
| 7. | ഏവിയേഷൻ ഗ്യാസൊലിൻ ഉൾപ്പെടെയുള്ള | 34% |

| | | |
|---|---|---|
| | ഏവിയേഷൻ ടാർബൈൻ ഫ്യുവൽ | |
| 8. | ദ്രവീകരിച്ച പെട്രോളിയം വാതകം | 16% |
| 9. | ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക് ഫ്ളൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ എന്നിവ | 24% |

(സി) ഇപ്പോൾ പരിഗണനയിലില്ല.
(ഡി) ഉണ്ട്.
(ഇ) 1996–97–ൽ കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ പൊതുജനത്തിനുണ്ടാകുന്ന നികുതി ഭാരം കണക്കിലെടുത്ത് പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ കുറവു വരുത്തുകയുണ്ടായിരുന്നു.

**ക്ഷീരകർഷകർക്കുവേണ്ടി പെൻഷൻ സ്കീമും ക്ഷേമനിധിയും ആരംഭിക്കാൻ നടപടി**

209. പ്രൊഫ. എ.ഡി. മുസ്തഫ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. കെ. പി. വിശ്വനാഥൻ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;
(എ) ക്ഷീരകർഷകർക്കുവേണ്ടി ഒരു പെൻഷൻ സ്കീമും ക്ഷേമനിധിയും ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;
(ബി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ എത്ര ക്ഷീരകർഷകർക്ക് പ്രയോജനം ലഭിക്കും;
(സി) പാൽ സഹകരണ സംഘത്തിലുള്ള ആകെ സെക്യൂരിറ്റി തുക എത്രയെന്ന് വ്യക്താക്കുമോ; ഈ തുക ഇപ്പോൾ എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്;
(ഡി) ഈ തുക പാൽ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനുള്ള ഫണ്ടായി രൂപാന്തരപ്പെടുത്തുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കുമോ?
(ഇ) ഈ അപാകതകൾ നീക്കി സെക്യൂരിറ്റി തുക ക്ഷീരകർഷകർക്ക് ക്ഷേമനിധിയുണ്ടാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**
**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**
(എ) ഉണ്ട്.
(ബി) ഇങ്ങനെ ഒരു പദ്ധതി രൂപപ്പെടുത്തുമ്പോൾ മാത്രമേ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാൻ കഴിയുകയുള്ളു.
(സി) ഉദ്ദേശം മൂന്നുകോടിയോളം രൂപ ജീവനക്കാരുടെ സെക്യൂരിറ്റി തുകയായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഈ തുക ബാങ്കുകളിൽ സ്ഥിരനിക്ഷേപമായിട്ടാണ് ഇപ്പോൾ നിലനിൽക്കുന്നത്.
(ഡി) ഉണ്ട്. ജീവനക്കാരുടെ സെക്യൂരിറ്റി തുക മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് ഉചിതമല്ല.
(ഇ) ഉദിക്കുന്നില്ല. സംഘങ്ങളിൽ 1999 മാർച്ച് വരെ സ്വരൂപിച്ചിട്ടുള്ള കരുതൽധനമായ ഉദ്ദേശം 27 കോടി രൂപ നിയമ ഭേദഗതി നടത്തി ഈ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

**കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിന് പദ്ധതി**

210. ശ്രീ. എ. ശക്തൻ:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ടി.വി. ചന്ദ്രമോഹൻ:
ശ്രീ. വി. ബലറാം:
ശ്രീ. വി.ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;
(എ) സംസ്ഥാനത്ത് കണ്ടൽ കാടുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഉള്ളത്;

(ബി) മത്സ്യങ്ങളുടെ വംശവർദ്ധനവിന് സഹായിക്കുന്നതും നദികളുടെയും കായലിന്റെയും തീരം സംരക്ഷിക്കുന്നതിന് ഉതകുന്നതുമായ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളുണ്ട്;

(സി) അഞ്ചുതെങ്ങിൽ കാട്ടുകണ്ടം പ്രദേശത്തും കണ്ണൂരിൽ പഴയങ്ങാടിയിലുമുള്ള കണ്ടൽവനം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

<u>(എ) യും (ബി) യും</u> കണ്ടൽകാടുകൾ വച്ച് പിടിപ്പിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി മാനേജ്മെന്റ് ഓഫ് ഫ്രജയിൽ എക്കോ സിസ്റ്റം, ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിലെ പ്രത്യേക അവാസ വ്യവസ്ഥാ പരിപാലനം, പങ്കാളിത്ത പരിപാലനം എന്നീ പദ്ധതികൾപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

## <u>എക്സൈസ് ഓഫീസുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി</u>

211. ശ്രീമതി. മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എക്സൈസ് കമ്മീഷണറേറ്റ് ഉൾപ്പെടെ, സംസ്ഥാനത്തെ എക്സൈസ് ഓഫീസുകളിൽ മിനിസ്ററീരിയൽ സ്റ്റാഫ് ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് ഗാർഡ് മുതൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ വരെ, ഫീൽഡിൽ എൻഫോഴ്സ്മെന്റ് ജോലി ചെയ്യേണ്ടവർ ഇപ്പോൾ മിനിസ്റ്റീരിയൽ ജീവനക്കാരായി ജോലി ചെയ്യുന്നതിനാൽ, ഈ വകുപ്പിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ആരോപണ വിധേയരായ ഉദ്യോഗസ്ഥർ തന്നെ കമ്മീഷണറേറ്റിൽ മിനിസ്റ്റീരിയൽ ജോലിക്ക് നിയോഗിക്കപ്പെടുന്നതോടെ, അന്വേഷണവും നടപടിയും കൃത്യമായി ഉണ്ടാകുന്നില്ല എന്നകാര്യം ബോദ്ധ്യമായിട്ടുണ്ടോ;

(ഡി) ഈ പോരായ്മകൾ പരിഹരിച്ച്, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എക്സൈസ് ഓഫീസുകളിൽ മിനിസ്ററീരിയൽ ജീവനക്കാരെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) പുതിയ നിയമനം നടത്താതെ തന്നെ അധിക ജീവനക്കാരെ പുനർ വിന്യാസത്തിലുടെയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ മിനിസ്റ്റീരിയൽ ജീവനക്കാരായി എക്സൈസ് വകുപ്പിൽ നിയമിക്കുന്ന കാര്യം പരിശോധിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഇല്ല. ഫീൽഡിൽ എൻഫോഴ്സ്മെന്റ് ജോലികൾ ചെയ്യുന്നതിനും, ഓഫീസുകളിൽ മിനിസ്റ്റീരിയൽ ജോലി ചെയ്യുന്നതിനും പ്രത്യേകം പ്രത്യേകം തസ്തികകൾ അനുവദിച്ചിരിക്കുന്നതിനാൽ ഒരേ സമയം ഒരേ ജീവനക്കാരെ എൻഫോഴ്സ്മെന്റ് ജോലിക്കായും മിനിസ്റ്റീരിയൽ ജോലിക്കായും നിയോഗിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ ആലോചനയിലില്ല.

## <u>അബ്കാരി നയത്തിൽ മാറ്റം വരുത്താനുള്ള കാരണം</u>

212. ശ്രീ. ടി.പി. രാമകൃഷ്ണൻ:

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. എ.കെ. ബാലൻ:

ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) 2002-2003 ലെ അബ്ക്കാരി നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച അബ്ക്കാരി നയം പരാജയപ്പെടാൻ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അബ്ക്കാരി നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കള്ളുഷാപ്പുകൾ എപ്രകാരം ലേലം ചെയ്ത് നൽകാനാണ് തീരുമാനിച്ചത്;

(ഡി) ലേലത്തിൽ പോകാത്ത ഷാപ്പുകളുടെ കാര്യത്തിൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് ചെത്ത് തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ലേലത്തിൽ പോകാത്ത ഷാപ്പുകളെക്കുറിച്ചും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ജോലി നൽകുന്നതിനെ സംബന്ധിച്ചും എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്. ആവർത്തിച്ച് ശ്രമം നടത്തിയിട്ടും ചില കള്ള്ഷാപ്പുകൾ ഏറ്റെടുക്കാൻ, നയമനുസരിച്ച് അർഹതയുള്ള ആൾ മുന്നോട്ട് വരാത്തത് കാരണമാണ് നയത്തിൽ മാറ്റം വരുത്തേണ്ടി വന്നത്.

(ബി) മൊത്തം ഷാപ്പുകളുടെ 80 ശതമാനത്തോളം വിൽക്കാൻ കഴിഞ്ഞ സാഹചര്യത്തിൽ അബ്കാരി നയം പരാജയപ്പെട്ടിട്ടില്ല എന്നാണ് സർക്കാർ കരുതുന്നത്.

(സി) 2002-2003 വർഷം കള്ളുഷാപ്പുകളുടെ എണ്ണം 4000 ആയി പരിമിതപ്പെടുത്തുകയും 1996-2001 വർഷം കാലയളവിൽ മൂന്നിലധികം ഷാപ്പുകൾ നടത്തിയിട്ടില്ലാത്ത വ്യക്തികൾക്ക് മുൻഗണന നൽകി ഒരാൾക്ക് ഒരുഷാപ്പ് എന്ന രീതിയിൽ നിശ്ചയിച്ച് ലൈസൻസ് ഫീസ് ഈടാക്കി വിൽപ്പന നടത്തുവാനാണ് തീരുമാനിച്ചത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിലാണ് ഷാപ്പുകൾ ഏറ്റെടുത്ത് നടത്തുന്നതിന് അബ്ക്കാരി നയത്തിൽ ആദ്യം ഏർപ്പെടുത്തിയിരുന്ന വ്യവസ്ഥകളിൽ ഇളവ് വരുത്തിയത്. അതനുസരിച്ച് ഒരാൾക്ക് മൂന്ന് ഷാപ്പുവരെ വിൽപ്പനയിൽ എടുക്കാമെന്നും തൊഴിലാളികളുടെ ഒരു മാസത്തെ വേതനം മുൻകൂർ ആയി അടയ്ക്കേണ്ടതില്ലായെന്നും ക്ഷേമനിധി ബോർഡിലേക്ക് അടയ്ക്കേണ്ട വിഹിതം മൂന്ന് മാസത്തേയ്ക്ക് എന്നുള്ളത് ഒരുമാസമായി കുറയ്ക്കുകയും ചെയ്തു. നിർത്തലാക്കിയ ഷാപ്പിലെ തൊഴിലാളികളികളെ നിലവിലുള്ള ഷാപ്പുകളിൽ പുനർ വിന്യസിച്ചിട്ടുണ്ട്.

ഇത്രയും ചെയ്തിട്ടും വിൽക്കപ്പെടാത്ത ഷാപ്പുകൾ ഒരുമിച്ച് വിൽക്കാനും, ചില സ്ഥലങ്ങളിൽ അവയുടെ എണ്ണം കൂട്ടാനും തീരുമാനമെടുത്തിട്ടുണ്ട്.

**<u>മദ്യഷാപ്പുകൾ നടത്തുന്നതിന് അനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കുള്ള അധികാരം</u>**

213.T ശ്രീ. കെ. മോഹൻകുമാർ:
ശ്രീ. എ.കെ. മണി:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. വർക്കല കഹാർ:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ മദ്യഷാപ്പ് നടത്തുന്നതിന് അനുമതി നല്കുകയോ നിരസിക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ അവിടെനിന്ന് നീക്കം ചെയ്യുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) ഈ കാര്യങ്ങൾക്കുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൊടുക്കാൻ ഉദ്ദേശ്യമുള്ളപക്ഷം അതിനുള്ള നിയമനിർമ്മാണം എപ്പോൾ കൊണ്ടുവരുമെന്ന് പറയുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) ഇതു സംബന്ദിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## വനം സംബന്ധമായ കേസ്സുകൾ നടത്തുന്നതിന് വിദഗ്ധ സമിതി

214. ശ്രീ. പി.ജെ. ജോയി:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
പ്രൊഫ. എ.ഡി. മുസ്തഫ:
ശ്രീമതി. മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഫോറസ്റ്റ് ട്രിബ്യൂണലിലും കോടതികളിലും നൽകിയിരുന്ന കേസ്സുകളിൽ ഗവൺമെൻറിന് തോൽവി പറ്റിയ കേസ്സുകൾ റീ ഓപ്പൺ ചെയ്യുവാൻ സൗകര്യപ്പെടത്തക്ക വിധത്തിലുള്ള നിയമനിർമ്മാണം നടത്താൻ ഉദ്ദേശമുണ്ടോ;

(ബി) വനം സംബന്ധമായ കേസ്സുകൾ നടത്തുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) & (ബി) ഇത്തരം കേസ്സുകൾ വിരളമായതിനാലും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ കളവായ രേഖകൾ ഹാജരാക്കിയോ ഫയൽ ചെയ്ത് സർക്കാരിനെതിരെ വിധി സംപാദിച്ച കേസുകളിൽ റിവ്യൂ പെറ്റീഷൻ ചെയ്താൽ സുപ്രീംകോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ഇപ്പോൾ തന്നെ സാദ്ധ്യമാണെന്നതിനാലും ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുകയോ വിദഗ്ധ സമിതിയെ നിയോഗിക്കുകയോ ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു സർക്കാർ കരുതുന്നില്ല.

## സഞ്ചിത നിധിയിൽനിന്നുള്ള തുക പിൻവലിച്ച് ട്രഷറി പബ്ലിക്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് തടയാൻ നടപടി

215. ശ്രീ. എഴുകോൺ നാരായണൻ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. കെ.പി. വിശ്വനാഥൻ:
ശ്രീ. ടി.വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സഞ്ചിത നിധിയിൽനിന്നുള്ള തുക പിൻവലിച്ച് ട്രഷറി പബ്ലിക്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന നടപടി നിലവിലുണ്ടോ;

(ബി) ഇതുമൂലം ഏതെല്ലാം വിധത്തിലുള്ള ക്രമക്കേടുകൾക്ക് സാദ്ധ്യതയുണ്ടെന്ന് പരിശോധിച്ചുവോ;

(സി) സഞ്ചിതനിധിയിൽനിന്നും തുക പിൻവലിച്ച് ട്രഷറി പബ്ളിക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നത് കേരള ഫിനാൻഷ്യൽ കോഡുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമാണോ;

(ഡി) ടി.പി. അക്കൗണ്ടുകളിലുള്ള തുക പിൻവലിച്ച് ചെലവുകൾ നിർവഹിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമുണ്ടോ;

(ഇ) സഞ്ചിത നിധിയിൽനിന്നും തുക പിൻവലിച്ച് ട്രഷറി പബ്ലിക്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്ന നടപടി നിരുത്സാഹപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി):-**

(എ) നടപടി നിലവിലുണ്ട്.

(ബി) ഇതുമൂലം നടക്കുവാൻ സാദ്ധ്യതയുള്ള ക്രമക്കേടുകൾക്കെതിരെ സർക്കാർ കർശനമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കെ.എഫ്..സി.യിലെ വ്യവസ്ഥ പ്രകാരം (40 സി.) സഞ്ചിതനിധിയിൽനിന്നും തുക പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ല. എന്നാൽ ചില പ്രത്യേക സാഹചര്യത്തിൽ റ്റി.പി. അക്കൗണ്ട് തുറന്ന് തുക നിക്ഷേപിക്കുന്നതിന് കേരള ട്രഷറി കോഡിൽ(വാല്യം II) ൽ വ്യവസ്ഥയുണ്ട്.

(ഡി) ഏതാവശ്യത്തിനാണോ തുക അനുവദിക്കപ്പെട്ടിട്ടുള്ളത് ആ ആവശ്യത്തിന് തുക പിൻവലിക്കാവുന്നതാണ്. എന്നാൽ സാമ്പത്തിക നിയന്ത്രണം നിലവിലുള്ളപ്പോൾ ഗവൺമെന്റിന്റെ പ്രത്യേകം അനുമതി ആവശ്യമാണ്.

(ഇ) സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ട് കാരണവും അക്കൗണ്ടന്റ് ജനറലിന്റെ ശുപാർശ പ്രകാരവും റ്റി.പി. അക്കൗണ്ടു മുഖാന്തിരമുള്ള ഇടപാടുകൾ 5..01..2002 മുതൽ മരവിപ്പിച്ചിരിക്കുകയാണ്. എന്നാൽ ഏറ്റവുമത്യാവശ്യമായ വരുന്ന കേസുകളിൽ ഇടപാടുകൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകുന്നുണ്ട്.

## കേരള ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാം

216. ശ്രീ. തോമസ് ഉണ്ണിയാടൻ;
ശ്രീ. സ്റ്റീഫൻ ജോർജ്:
ശ്രീ. മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ)യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വന്നിരുന്ന കേരളാ ഹോർട്ടിക്കൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത പദ്ധതിക്കായി ഇ.ഇ.സി. യിൽ നിന്നും എത്ര കോടി രൂപ ലഭിച്ചു;

(സി) ഈ തുക ഗ്രാന്റായിട്ടാണോ വായ്പയായിട്ടാണോ ലഭിച്ചത്;

(ഡി) ഈ പദ്ധതി മൂലം പച്ചക്കറി കർഷകർക്ക് ഉണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ഇ) ഈ പദ്ധതിയുടെ ഭാവി പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീമതി. കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പു മന്ത്രി):-**

(എ) 2001 ഡിസംബർ 31ന് കെ. എച്ച്.ഡി.പി.യുടെ പ്രവർത്തനം അവസാനിപ്പിച്ചു. ഈ പ്രോഗ്രാം അനുസരിച്ച് നടത്തപ്പെട്ട എല്ലാ പ്രവർത്തനങ്ങളും അതിന്റെ തുടർ സംവിധാനമായ വി.എഫ്.പി.സി.കെ. (വെജിറ്റബിൾ ആന്റ് ഫ്ര്യൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. 2002 ജനുവരി 1 മുതൽ പ്രവർത്തനങ്ങളും ഇടപാടുകളും കൗൺസിൽ ആണ് നടത്തുന്നത്.

(ബി) 93.87 കോടി രൂപ ലഭിച്ചു.

(സി) കേന്ദ്ര ഗവൺമെന്റിൽനിന്നും 30% ഗ്രാന്റായും 70% വായ്പയായുമാണ് ലഭിച്ചത്.

(ഡി) പദ്ധതിയുടെ പരിധിയിൽവരുന്ന ജില്ലകളിൽ 41434 കർഷകരെ ഉൾപ്പെടുത്തി 1905 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇവരുടെ ശ്രമഫലമായി പഴം, പച്ചക്കറി ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 4775.631 ലക്ഷം രൂപ 20561 കർഷകർക്ക് പ്രോഗ്രാം മുഖേന ബാങ്ക് വായ്പ നൽകിയിട്ടുണ്ട്. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കാൻ മുൻപ് അർഹതയില്ലാത്ത പാട്ടകർഷകരാണ് ഇതിൽ ഏറെപേരും. കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് വേണ്ടി സ്വാശ്രയ കർഷകവിപണികൾ പദ്ധതിയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൃഷിയിടത്തിൽവച്ചുതന്നെ പരിശീലനം സിദ്ധിച്ച മാസ്റ്റർ കർഷകർ നൽകുന്ന പരിശീലനങ്ങളിലൂടെ കൃഷിചെലവു കുറയ്ക്കാനും കീനാശിനികളുടെ ഉപയോഗം കുറയ്ക്കുവാനും പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

(ഇ) പ്രോഗ്രാമിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമായ തോതിൽ സ്ഥിരമായി തുടർന്നുകൊണ്ടുപോവുക എന്നതാണ് കൗൺസിലിന്റെ മുഖ്യലക്ഷ്യം. കേരളത്തിലെ ഏഴുജില്ലകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കൗൺസിലിന്റെ സേവനം മറ്റു ജില്ലാകളിലേക്കുകൂടി വ്യാപിപ്പിക്കുവാൻ പരിപാടിയുണ്ട്. വരുന്ന 2 കൊല്ലത്തിനകം പഴം പച്ചക്കറി മേഖലയിൽ മികവിന്റെ ഒരു കേന്ദ്രമായി കൗൺസിലിനെ ഉയർത്തുക എന്നതാണ് ലക്ഷ്യം.

## കണ്ടൽ കാടുകളുടെ സംരക്ഷണത്തിനുള്ള നടപടി

217. ശ്രീ. ടി.കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ കണ്ടൽക്കാടുകൾ നശിച്ചുകൊണ്ടിരിക്കുന്നതായി സർക്കാരിനറിയാമോ;

(ബി) എങ്കിൽ കണ്ടൽ കാടുകളുടെ സംരക്ഷണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിൽ എവിടെയെല്ലാമാണ് കണ്ടൽ കാടുകൾ ഇന്നുള്ളത്;

(ഡി) കണ്ടൽ കാടുകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) കണ്ടൽ കാടുകളുടെ സംരക്ഷകനായി ശ്രീ. കല്ലേൽ പൊക്കുടന്റെ പ്രവർത്തനങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിന് പ്രോൽസാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പു മന്ത്രി):-**

(എ) അറിയാം

(ബി) മാനേജ്മെന്റ് ഓഫ് ഫ്രജയിൽ എക്കോസിസ്റ്റം, കേരള ഫോറസ്ട്രി പ്രോജക്ടിലെ സ്പെഷ്യൽ ഹാബിറ്റാറ്റ് മാനേജ്മെന്റ് പ്രോഗ്രാം, പങ്കാളിത്ത പരിപാലനം എന്നീ പദ്ധതികളിൽപ്പെടുത്തി കണ്ടൽചെടികൾ വച്ചു പിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ വേളി, കൊല്ലം ജില്ലയിലെ ആയിരംതെങ്ങ്, നീണ്ടകര, കോട്ടയം ജില്ലയിലെ കുമരകം, നീണ്ടകര, കോട്ടയം ജില്ലയിലെ കുമരകം, ആലപ്പുഴ ജില്ലയിലെ പാതിരാമണൽ, എറണാകുളം ജില്ലയിലെ മംഗള വനം, പുതുവൈപ്പിൻ, കോഴിക്കോട് ജില്ലയിലെ കല്ലായി, ബേപ്പൂർ, കണ്ണൂർ ജില്ലയിലെ ഏഴിമല, പഴയങ്ങാടി, കാസർഗോഡ് ജില്ലയിലെ ചിറ്റാരി, ഷിറിയ എന്നിവിടങ്ങളിലാണ് കണ്ടൽക്കാടുകൾ പ്രധാനമായിട്ടുള്ളത്.

(ഡി) കണ്ടൽകാടുകളെക്കുറിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്ററഡീസ് (സെസ്), കേരള കാർഷിക സർവകലാശാല എന്നീ സ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ട്. ഇവയിൽ സെസ്സ് മാൻഗ്രോവ് എക്കോ സിസ്റ്റം ഓഫ് കേരള എന്ന ഒരു റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്. ഇതിന് പ്രോൽസാഹനം നൽകുന്നകാര്യം പരിശോധിക്കുന്നതാണ്.

## കാർഷിക കയറ്റുമതി മേഖലകൾ അനുവദിക്കുന്നതുകൊണ്ടുള്ള പ്രയോജനം

218. ശ്രീ. സി.പി. മുഹമ്മദ്:
ശ്രീ. തമ്പാനൂർ രവി:
ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കയറ്റുമതി മേഖലകൾ സംസ്ഥാനത്തിനനുവദിച്ചു കിട്ടുന്നതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം;

(ബി) കയറും അനുബന്ധ വ്യവസായങ്ങളും, നാളികേരവും അനുബന്ധ വ്യവസായങ്ങളും, സുഗന്ധ വ്യഞ്ജനങ്ങൾ, മത്സ്യം എന്നിവയ്ക്കും വേണ്ടി പ്രത്യേക വ്യവസായമേഖലകൾ അനുവദിച്ചുകിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി):-**

(എ) കാർഷിക കയറ്റുമതി മേഖലകൾ സംസ്ഥാനത്തിനനുവദിച്ചു കിട്ടുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ താഴെപ്പറയുന്നവയാണ്.

1. വിപണനമനുസരിച്ച് ഉല്പാദക-വിപണന ബന്ധം ശക്തിപ്പെടുത്തുക
2. വിപണനരംഗത്ത് ഉല്പ്പന്നങ്ങളുടെ മാത്സര്യവും സ്വീകാര്യത നേടിയെടുക്കുക
3. മൂല്യവർദ്ധന ഉറപ്പുവരുത്തുക
4. ഉല്പ്പാദന ചെലവ് കുറയ്ക്കുക
5. മെച്ചപ്പെട്ട വില ഉറപ്പു വരുത്തുക
6. ഉല്പന്നങ്ങളുടെ ഗുണമേന്മയും പാക്കേജിംഗും മെച്ചപ്പെടുത്തുക
7. വിപണനരംഗവുമായി ബന്ധമുള്ള ഗവേഷണവും വികസനവും പ്രോൽസാഹിപ്പിക്കുക
8. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക

(ബി) ഏതെല്ലാം ഉല്പന്നങ്ങളാണ് കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തേണ്ടതെന്ന തീരുമാനമായിട്ടില്ല.

## സാമൂഹ്യസുരക്ഷാ ഫണ്ടിന് രൂപം നൽകാൻ നടപടി

219. ശ്രീ. വി. ബാലറാം:
ശ്രീ. വി.ജെ. പൗലോസ്:
പ്രൊഫ. സാവിത്രിലക്ഷ്മണൻ:
ശ്രീ. എം.എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു സാമൂഹ്യസുരക്ഷാഫണ്ടിന് രൂപം നൽകുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കുവാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവകുപ്പുമന്ത്രി):-**

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുകയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നുള്ളതാണ്.

(സി) പാവപ്പെട്ടവർക്ക് അടിയന്തിര സാഹചര്യങ്ങളിൽ ആവശ്യമായ സഹായം എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഈ ഫണ്ട് കൊണ്ട് ഉദ്ദേശിക്കുന്നത്.

## സ്പോർട്സ് രംഗത്ത് കേരളത്തിന്റെ നിലവാരം മെച്ചപ്പെടുത്താൻ നടപടി

220. ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് രംഗത്ത് കേരളത്തിന്റെ നിലവാരം താഴുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നിലവാരത്തകർച്ചയ്ക്ക് പരിഹാരമായി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):-**

(എ)യും (ബി)യും: ഇല്ല. ദേശീയ മൽസരങ്ങളിൽ കേരളത്തിന്റെ കായികതാരങ്ങൾ ഇപ്പോഴും മികച്ച പ്രദർശനം കാഴ്ചവച്ചു വരുന്നു.

## ഗാലസാ കൃഷി സമ്പ്രദായം

221. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗാലസാ കൃഷി സമ്പ്രദായം നടപ്പിലാക്കിയിരുന്നതിലൂടെ സംസ്ഥാനത്ത് കാർഷികമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി:-**

പാലക്കാട് ജില്ലയിലെ മൂന്നു പഞ്ചായത്തുകളിൽ 1997-98-ൽ മാതൃകാപദ്ധതിയായി തുടങ്ങിയ 'ഗാലസ' ഇപ്പോൾ അവിടെ 22 പഞ്ചായത്തുകളിലും കുട്ടനാട്ടിൽ മൂന്നു പഞ്ചായത്തുകളിലും നടന്നുവരുന്നു.

പാടത്ത് വേണ്ടത്ര വിത്തും കരുത്തുറ്റ ഞാറ്റടിയും ജൈവവളവും യന്ത്രവൽക്കരണവും, സമീകൃതരീതിയിലുള്ള രാസവളവും, കൃത്യമായ നുരിയകലവും, ജൈവിക കീട-രോഗനിയന്ത്രണവുമാണ് 'ഗാലസ' മുൻതൂക്കം നൽകുന്ന ഘടകങ്ങൾ.

ശുപാർശയനുസരിച്ചുള്ള ജൈവവളം ഉപയോഗിക്കുന്നതിന് ഒരു പാടശേഖരത്തിലെ മുഴുവൻ കർഷകർക്കും ആവശ്യമായ തുക റിവോൾവിംഗ് ഫണ്ട് രൂപത്തിൽ നൽകുന്നുണ്ട്.

പദ്ധതി ഉൾപ്പെടുന്ന കുട്ടനാട്ടിലും പാലക്കാട്ടുമുള്ള പ്രദേശങ്ങളിൽ 'ഗാലസ' വഴി നെല്ലുൽപ്പാദനം ഇരട്ടിയിലധികം ആക്കുവാൻ കഴിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പാലക്കാട്ടും കുട്ടനാട്ടിലും ഗാലസ പ്രദേശങ്ങളിൽ ഒരു ഹെക്ടറിലെ ശരാശരി വിളവ് ഏഴ് ടണ്ണായിരുന്നു. ഇതിനുപുറമെ ഉല്പ്പാദനച്ചെലവ് ഒരു ഹെക്ടറിൽ ആയിരം രൂപയോളം കുറയുമെന്നും അനുഭവങ്ങളും കണക്കുകളും ബോധ്യപ്പെടുത്തുന്നു. ചില ഗാലസ പ്രദേശങ്ങളിൽ റെക്കോർഡ് വിളവായി ഒരു ഹെക്ടറിൽ 13 ടൺവരെ കിട്ടിയ അനുഭവവും ചില കർഷകർക്കുണ്ട്.

## സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മണ്ണെണ്ണ വിഹിതം

222. ശ്രീ. എൻ. രാജൻ:
ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മണ്ണെണ്ണയുടെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുണ്ടായിരുന്ന വിഹിതവും വെട്ടിക്കുറച്ച വിഹിതവും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വെട്ടിക്കുറച്ച മണ്ണെണ്ണ ക്വാട്ട വീണ്ടും നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സിവിൽസപ്ളൈസും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഏപ്രിൽ 2001 ൽ 33,714 കിലോ ലിറ്ററിൽ നിന്നും 28,859 കിലോലിറ്ററായും അത് വീണ്ടും ഏപ്രിൽ 2002 ൽ 25353 കിലോലിറ്ററായും മണ്ണെണ്ണയുടെ പ്രതിമാസ കേന്ദ്രവിഹിതം വെട്ടിക്കുറച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിനുള്ള മണ്ണെണ്ണവിഹിതം വെട്ടിക്കുറച്ചത് പുന:സ്ഥാപിച്ചു നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പലപ്രാവശ്യം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ സംസ്ഥാനത്തിന്റെ മണ്ണെണ്ണവിഹിതം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലെന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. അവസാനമായി 1-06-02-ൽ സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിക്ക് ഇക്കാര്യത്തിൽ വീണ്ടും ഒരു കത്ത് അയക്കുകയുണ്ടായി. പ്രസ്തുത കത്തിനുള്ള മറുപടി ലഭിച്ചില്ല.

## ഗ്രാമപ്രദേശങ്ങളിൽ കായിക വികസനം ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചുവരുന്ന പരിശീലന പരിപാടികൾ

223. ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സിന് അഭിരുചിയുള്ളവരുടെ കായിക കഴിവുകൾ വികസിപ്പിക്കുന്നതിനായി സർക്കാരിന് എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) എങ്കിൽ ഗ്രാമപ്രദേശങ്ങളിലെ കായിക വികസനം ലക്ഷ്യമാക്കി സർക്കാർ സ്വീകരിച്ചുവരുന്ന പരിശീലന പരിപാടികളുടേയും സ്പോർട്സ് വികസന പദ്ധതികളുടേയും വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സിൽ അഭിരുചിയുള്ളവരുടെ കായിക കഴിവുകൾ വികസിപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ റൂറൽ കോച്ചിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ചിട്ടി ഭേദഗതി നിയമം പിൻവലിക്കുവാൻ നടപടി

224. ശ്രീ. ടി.കെ. ബാലൻ:
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചിട്ടി ആക്റ്റിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ;

(ബി) സർക്കാർ വരുത്തിയിട്ടുള്ള ഭേദഗതി കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് എന്ന സ്ഥാപനം നടത്തിവരുന്ന ചിട്ടികളെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ചിട്ടി ആക്റ്റിൽ ഭേദഗതികൾ വരുത്തിയതിനാൽ സംസ്ഥാനത്തെ സ്വകാര്യസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും യാതൊരു ഉപാധിയും നിയന്ത്രണവുമില്ലാതെ സ്വകാര്യ ചിട്ടിസ്ഥാപനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ വരുത്തിയിട്ടുള്ള ചിട്ടി ഭേദഗതി നിയമം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ.കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) 2002-ലെ കേരള ധനകാര്യബിൽ പ്രകാരം 1975ലെ ചിട്ടി ആക്ടിന്റെ 3-ാം വകുപ്പിൽ 5-ാം ഉപവകുപ്പിന്റെ 'ബി' ഖണ്ഡം വിട്ടുകളയുകയും (6)-ാം ഉപവകുപ്പിനുശേഷം (7)-ാം ഉപവകുപ്പുകൂടി ചേർക്കുകയും 4-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുശേഷം (1) (എ) ഉപവകുപ്പുകൂടി ചേർക്കുകയും ചെയ്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല

## എ.ഡി.ബി. സഹായ വാഗ്ദാനത്തെ തുടർന്ന് മുന്നോട്ടുവന്ന ഏജൻസികൾ

225. ശ്രീ. തമ്പാനൂർ രവി:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് സംസ്ഥാനത്തിന് വികസന സഹായം നൽകാമെന്ന് ഏറ്റതിനെ തുടർന്ന് ഏതെങ്കിലും അന്താരാഷ്ട്ര സ്ഥാപനങ്ങളോ ഫൈനാൻസിംഗ് ഏജൻസികളോ വിദേശരാജ്യങ്ങളോ സഹായ വാഗ്ദാനവുമായി എത്തുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം;

(സി) ഇവരിൽ ഓരോരുത്തരുടേയും ഓഫർ എന്തെന്ന് വിശദീകരിക്കുമോ; ഇവരിൽ ആരിൽനിന്നെങ്കിലും സഹായം സ്വീകരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ) (ബി)&(സി) സഹായ വാഗ്ദാനമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇൻഡ്യൻ മിനറൽസ് കോർപ്പറേഷൻ, ഓസ്ട്രേലിയ എന്ന സ്ഥാപനത്തിൽ നിന്നും യൂണിയൻ ഫിനാൻഷ്യൽ സർവ്വീസസ് എന്ന സ്ഥാപനം മുഖേന ഒരു ബില്യൺ ഡോളറോളം വായ്പ ഏർപ്പാടാക്കാൻ നടപടികൾ സ്വീകരിക്കുന്ന കാര്യത്തെപ്പറ്റി ഒരു ബിസിനസ്സ് നിർദ്ദേശം കിട്ടിയിട്ടുണ്ട്. ഭരണഘടനയനുസരിച്ച് സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ ഏജൻസികളുമായി ഇടപെടാൻ സാധിക്കാത്തതിനാൽ ഇത്തരം കാര്യങ്ങളിൽ സ്വീകരിക്കേണ്ട മേൽനടപടികളെപ്പറ്റി കേന്ദ്രസർക്കാരിന്റെ ഉപദേശം ആരാഞ്ഞിട്ടുണ്ട്.

## ദീർഘകാല മദ്യനയം ആവിഷ്ക്കരിക്കാൻ നടപടി

226. ശ്രീ. ടി.യു. രാധാകൃഷ്ണൻ:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ദീർഘകാല മദ്യനയം ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെയും മറ്റു മദ്യങ്ങളുടേയും ഉപഭോഗം കുറയത്തക്കവിധത്തിൽ വ്യാപകമായ പ്രചരണം സംഘടിപ്പിക്കുന്നതിനുവേണ്ടി ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി):-**

(എ)യും (ബി)യും ഇപ്പോൾ പരിഗണനയിലില്ല.

*****